പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 3997

31.01.2014 ൽ
മറുപടിയ്ക്ക്

## കൊച്ചി ഇൻഫോപാർക്കിലെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ. എസ്. ശർമ്മ ; | മറുപടി<br>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊച്ചി ഇൻഫോപാർക്കിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;<br><br>ബി) ഇതിനായി എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ; | (എ) യും (ബി) യും<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊച്ചി ഇൻഫോപാർക്കിൽ ഒന്നാംഘട്ടത്തിലും രണ്ടാംഘട്ടത്തിലുമായി 18.50 ലക്ഷം ച. അടി ഐ.ടി. മന്ദിരങ്ങളുടെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഇൻഫോപാർക്ക് 4 lane Road, Guest House, Day Care Centre, Internal road works, car parking എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു. ഇൻഫോപാർക്കിന്റെ ഉടമസ്ഥതയിലുള്ള 3.5 ലക്ഷം ചതുരശ്ര അടി ഐ.ടി. മന്ദിരത്തിന്റെ നിർമ്മാണം ആരംഭിച്ചു. ഇതിനായി 96.70 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| സി) കൊച്ചി ഇൻഫോപാർക്കിന്റെ പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | സി) L & T Tech Park Ltd., IBS Software, Geonair എന്നീ സ്ഥാപനങ്ങൾ മൊത്തം 12 ലക്ഷം ച. അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നിർമ്മാണം ഉടൻതന്നെ ആരംഭിക്കുമെന്ന് കരുതുന്നു. Brigade Enterprises ന്റെ ഒന്നാംഘട്ടത്തിലെ ഏഴ് ലക്ഷം ചതുരശ്ര അടി ഐ.ടി. മന്ദിരത്തിന്റെ നിർമ്മാണം ആരംഭിച്ചു. കൊച്ചി ഐ.ടി. ഹബ്ബിൽ അടുത്ത രണ്ടര വർഷത്തിനുള്ളിൽ മുപ്പതിനായിരത്തിലധികം പുതിയ ഐ.ടി ജോലികൾ സൃഷ്ടിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| ഡി) കൊച്ചിയിൽ നിലവിലുള്ള വ്യവസായ പാർക്കുകൾ ഏതൊക്കെയാണ് ; പുതുതായി വ്യവസായ പാർക്കുകൾ ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ ; വിശദമാക്കാമോ ? | ഡി) വ്യവസായ വകുപ്പിന് കീഴിൽ കൊച്ചിയിൽ കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രീയൽ പാർക്ക്-കാക്കനാട്, കിൻഫ്ര ഹൈടെക് പാർക്ക്-കളമശ്ശേരി, കിൻഫ്ര വ്യവസായ പാർക്ക്-മുഴവന്നൂർ എന്നീ പാർക്കുകൾ പ്രവർത്തിക്കുന്നു.പുതിയ പാർക്കുകൾ ആരംഭിക്കുന്നതിനായി അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ